ബുക്ക് കീപ്പിംഗ് മുതലായവയിൽ പരിചയമുള്ള ആളും, ബോംബെ, ബർമ്മ മുതലായ രാജ്യങ്ങളിൽ ഗവർമ്മെണ്ടാഫീസുകളിലും കമ്പനികളിലും മാനേജരായിട്ടും, അക്കൌണ്ടന്റായിട്ടും എട്ടുകൊല്ലത്തിലധികം ഉദ്യോഗത്തിലിരുന്നിട്ടുള്ള ആളുമാണ്. ശിപായി ഒന്നാംക്ലാസുവരെ പഠിച്ചിട്ടുള്ളവനും നാലുകൊല്ലത്തോളം തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽ ജോലിനോക്കീട്ടുള്ള ആളുമാണ്. ഒരു ഈഴവനുമാണ്.

(എഫ്) മ. രാ. രാ. കൊച്ചുകുഞ്ഞൻ കയ്മൾ അവർകൾ, ബി. എ., ബി. എൽ., എം. എൽ. സി. ശമ്പളമോ മറ്റോ യാതൊന്നും കൊടുത്തുവരുന്നില്ല.

(ജി) ഫ. മ. രാ. രാ. പി. വി. സുബ്രഹ്മണ്യയ്യർ അവർകൾ, ബി. എ., ചെയർമാൻ.

ഫ. കെ. കൊച്ചുകുഞ്ഞൻ കയ്മൾ, ബി. എ., ബി. എൽ., എം. എൽ. സി., സിക്രട്ടറി.

ന. കെ. നാരായണമേനോൻ, എം. എ., സി. എച്ച്. ഡി., പരസ്പര സഹായസംഘം റജിസ്ട്രാർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ര. വി. കെ. അച്യുതമേനോൻ, എം. എ., ബി. കോം., വാണിജ്യവ്യവസായ ഡയറക്ടർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ങ. ജെ. യേശുദാസ്, എം. എ., ഗ്രാമോദ്ധാരണ ആഫീസർ, എക്സ്-ഒഫീഷ്യോ മെമ്പർ.

ന. ഡോക്ടർ സി. സി. മാത്യു, എം. എ., പി. എച്ച്. ഡി. (കൊളമ്പിയ), ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ.

ഒ. എസ്സ്. എഫ്. നൂനസ്സ്, എം. എ., സെൻറ് തോമാസ്സ് കോളേജ് പ്രൊഫസ്സർ.

വ. ടി. എസ്സ്. ബാലരാമയ്യർ, സീതാറാം കമ്പനി മാനേജിംഗ് ഡയറക്ടർ.

ൻ. ടി. വി. കൊച്ചുവറിയത്, തൃശ്ശിവപേരൂർ.

ഫറ. സി. പി. ലോനപ്പൻ, തൃശ്ശിവപേരൂർ.

ഫഫ. എ. അസ്മത്തുള്ളാഖാൻ സാഹിബ്, തൃശ്ശിവപേരൂർ.

HEALTH CENTRES—ABOLITION OF

460. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എത്ര ഹെൽത്ത് സെൻറുകൾ നിറുത്തൽ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിയമിച്ചു;

(സി) ആരെയൊക്കെയാണ് മെഡിക്കൽ വകുപ്പിലേക്ക് എടുത്തത്;

(ഡി) ഹെൽത്ത് സെന്ററിൽ നിയമിക്കുവാൻ പ്രത്യേകം പരിശീലനം നല്കിട്ടുള്ളവർ ആരെല്ലാം;

(ഇ) ഇങ്ങിനെ പ്രത്യേക പരിശീലനം കഴിച്ചവരെ ഹെൽത്ത് സെന്ററിൽനിന്നും മെഡിക്കൽ ഡിപ്പാർട്ട്മെന്റിലേക്കു നിയമിച്ചിട്ടുണ്ടോ;

(എഫ്) ഇപ്പോൾ ഹെൽത്ത് സെന്ററുകളിലുള്ള ഡോക്ടർമാരിൽ ആരെങ്കിലും ആ വിഷയത്തിൽ പ്രത്യേക പരിശീലനം കഴിച്ചിട്ടുള്ളവർ ഉണ്ടോ;

(ജി) ഉണ്ടെങ്കിൽ ആർ;

(എച്ച്) ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ നിന്ന് മെഡിക്കൽ ഡിപ്പാർട്ടുമെന്റിലേക്കു എടുത്തിട്ടുള്ളതു് ഏതെല്ലാം ന്യായങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടാണ്?

ഡോക്ടർ എം. ആർ. മേനോൻ:

(എ) രണ്ടു്.

(ബി) നെന്മാറ ആശുപത്രിയിലും മട്ടാഞ്ചേരി വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രിയിലും.

(സി) നെന്മാറ ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫ്സറായിരുന്ന ശ്രീമതി എം. പാറുക്കുട്ടിയമ്മയേയും കുന്നംകുളം ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫ്സറായിരുന്ന മിസ്സ് പി. കെ. കുഞ്ഞിലാക്കുട്ടിയേയും.

(ഡി) ആരും ഇല്ല.

(ഇ), (എഫ്) & (ജി) ഉത്തരം ആവശ്യമില്ല.

(എച്ച്) നിയമിച്ച ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരെ മെഡിക്കൽ വകുപ്പിലേക്കെടുത്തുവെന്നല്ലാതെ വേറെ കാരണങ്ങളൊന്നും അടിസ്ഥാനപ്പെടുത്തിട്ടില്ല.

PANANCHERI PANCHAYAT—CHANDIKULAM—DISPOSAL OF FUNDS ALLOTTED FOR IMPROVEMENT

461. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെന്റു ദയവായി മറുപടി പറയുമോ.—

(എ) പാണഞ്ചേരി പഞ്ചായത്തിൽപ്പെട്ട ചണ്ടിക്കുളം നന്നാക്കുന്നതിനു ഫ്ലഡ്-ൽ അനുവദിച്ച സംഖ്യയിൽ എത്രരൂപാ ചിലവു ചെയ്തതിനുശേഷം കുളം ദേവസ്വം വകയാണെന്നു പറഞ്ഞു നിർത്തിവെച്ചതിനുശേഷം അതിൽ ബാക്കിയുണ്ടായിരുന്ന പണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly